"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് 2016-17- കൂത്തുപറമ്പ് നിയോജക മണ്ഡലം - Consruction of Building for Ayurveda Hospital in Mokeri GP എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

**സ.ഉ.(സാധാ) നം.163/2021/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 21/01/2021

---

പരാമർശം:- 1 03.08.2017-ലെ സ. ഉ. (സാധാ) നം.2684/17/തസ്വഭവ.

2 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 3.02.2020 ലെ ഡിബി5/1108/19/CE/LSGD നമ്പർ കത്ത്.

3 05.11.2020 ലെ സ.ഉ.സാധാ നം.6369/2020/ധന.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ 2016 -17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി **Upper floor of Ayurveda Hospital Mokeri** എന്ന പ്രവൃത്തിക്ക് പരാമർശം(1) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ടി പ്രവൃത്തി പൂർത്തികരിച്ച് അന്തിമ ബിൽ തുക അനുവദിക്കണമെന്ന് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ ആവശ്യപ്പെട്ടതിനെ തുടർന്ന് രേഖകൾ പരിശോധിച്ചതിൽ ഒന്നാം നിലക്ക് പകരം ഗ്രൗണ്ട് ഫ്ലോർ നിർമ്മിച്ചതായി കാണുകയുണ്ടായി. ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ മന്ത്രിയും കൂത്തുപറമ്പ് എം.എൽ.എയുമായ ശ്രീമതി കെ. കെ. ഷൈലജ ടീച്ചർ നിർദ്ദേശിച്ചതിനെ തുടർന്നാണ് അപ്രകാരം പദ്ധതി നിർവ്വഹണം നടത്തിയത്. എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതെയാണ് ഗ്രൗണ്ട് ഫ്ലോർ നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ പരാമർശം (1) ലെ ഭരണാനുമതി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന Upper floor of Ayurveda Hospital, Mokeri എന്നത് **Ground floor of Ayurveda Hospital, Mokeri GP** എന്ന് തിരുത്തി പുതുക്കിയ ഭരണാനുമതി നല്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം (3) പ്രകാരം ധനകാര്യ വകുപ്പ് പ്രത്യേകാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ മന്ത്രിയും കൂത്തുപറമ്പ് എം.എൽ.എ യുമായ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവർകളുടെ 2016-17 വർഷത്തെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 2 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മൊകേരി ആയുർവേദ ആശുപത്രിയുടെ ഒന്നാം നില നിർമ്മാണം എന്ന പ്രവൃത്തി,

ബഹു: എം.എൽ.എയുടെ നിർദ്ദേശ പ്രകാരം മൊകേരി ആയുർവേദ ആശുപത്രിയുടെ താഴത്തെ നിലയുടെ നിർമ്മാണം നടത്തിയിരിക്കുന്നതിനാലും എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം ഇല്ലാത്തതിനാലും **മൊകേരി ആയുർവേദ ആശുപത്രിയുടെ താഴത്തെ നില നിർമ്മാണം** (Ground floor of Ayurveda Hospital, Mokeri GP) എന്ന് തിരുത്തി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**യു വി ജോസ് ഐ എ എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ബഹു: ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പഞ്ചായത്ത് ഡയറക്ടർ

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം

എക്സിക്യൂട്ടീവ്ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ (തദ്ദേശ സ്വയംഭരണ വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ധനകാര്യ (നോഡൽ സെന്റർ സി) വകുപ്പ്

സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ